ഉത്തരം

(എ) മൂന്ന് എണ്ണം.

(ബി) നിലവിലുള്ള എല്ലാ ബാർ ലൈസൻസുകളും പുതുക്കി നൽകിയിട്ടുണ്ട്.

(സി) ബാർ ലൈസൻസുകൾ പുതുക്കി നൽകിയത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് എന്ന് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ നാല് ബാർ ലൈസൻസുകൾ പുതുക്കുന്നതിനെതിരെ അഞ്ച് പരാതികൾ ലഭിച്ചതിൽ ഒന്ന് കളവാണെന്ന് പരാതിക്കാരി തന്നെ അറിയിച്ചതിനെ തുടർന്ന് നടപടികൾ അവസാനിപ്പിച്ചു. തുടർന്ന് മറ്റ് പരാതികളിൽപ്പെട്ട ലൈസൻസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകളുടെ വെളിച്ചത്തിൽ പുതുക്കി നൽകിയിട്ടുണ്ട്.

കള്ളുഷാപ്പുകൾക്ക് റെയ്ഞ്ച് അടിസ്ഥാനത്തിൽ ലേലം ചെയ്യുന്ന നടപടി

56 [232] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 സാമ്പത്തിക വർഷം കള്ളു ഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കിയ കള്ളുഷാപ്പുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കള്ളു ഷാപ്പുകളിൽ ചാരായത്തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ സർക്കാർ കൈക്കൊണ്ട തീരുമാനം പുനഃപരിശോധിക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ തൃശ്ശൂർ ജില്ലയിൽ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഉണ്ടെങ്കിൽ ഇവിടത്തെ തൊഴിലാളികളുടെ തൊഴിലുറപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരു തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല.

(ബി) ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഈ തീരുമാനം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) തൃശ്ശൂർ ജില്ലയിലെ എല്ലാ കള്ളുഷാപ്പുകളും വില്പന, പുതുക്കൽ, തൊഴിലാളി കമ്മിറ്റിയെ ചുമതലപ്പെടുത്തി കൊടുക്കൽ എന്നീ നടപടികളിലൂടെ ലൈസൻസ് ചെയ്ത് കൊടുത്തിട്ടുണ്ട്.

(ഇ) 'ഡി'-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly